**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *227** **06.02.2018- ൽ മറുപടിക്ക്**

## സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.വി.ടി.ബൽറാം<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അനിൽ അക്കര<br>,, അന്യൂപ് ജേക്കബ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) തൊഴിലിടങ്ങളെ സ്ത്രീസൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) സംസ്ഥാന തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. ജീവനക്കാർക്ക് വിശ്രമ സൗകര്യം, ടോയ്ലെറ്റ് സൗകര്യം, ഹോസ്റ്റൽ സൗകര്യം, ക്രഷ് എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തി 1961-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ജോലിക്കിടയിലെ വിശ്രമ വേളകളിൽ ഇരിക്കുന്നതിനുള്ള സൗകര്യം തൊഴിൽ സ്ഥലത്തു തന്നെ ഏർപ്പെടുത്തി നൽകുന്നതിനുള്ള നിയമ ഭേദഗതി സർക്കാർ പരിഗണനയിലാണ്. കൂടാതെ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ ടി സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് കുറഞ്ഞ വേതനം, വർദ്ധിച്ച ജോലി ഭാരം, വിശ്രമമില്ലായ്മ തുടങ്ങിയ തൊഴിൽ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നോട്ടീസ് നൽകി നിയമ നടപടികൾ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) വിവിധ നിയമങ്ങളനുസരിച്ച് സ്ത്രീത്തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് വകുപ്പ് നടത്തുന്നത്; | (ബി) കുറഞ്ഞ വേതനം, അമിത ജോലി ഭാരം, വിശ്രമമില്ലായ്മ എന്നീ പ്രശ്നങ്ങൾ സ്ത്രീത്തൊഴിലാളികൾ നേരിടുന്നതായി സ്ഥാപന പരിശോധനകൾ നടത്തുമ്പോഴോ പരാതികളിൽ നിന്നോ ബോധ്യപ്പെടുന്ന അവസരത്തിൽ നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുന്നു. ഈക്വൽ റെമ്യൂണറേഷൻ ആക്ട്, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്, കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, മിനിമം വേതനം നിയമം തുടങ്ങിയ, സ്ഥാപനത്തിന് ബാധകമാകുന്ന എല്ലാ |

നിയമങ്ങളുടെയും അടിസ്ഥാനത്തിലുള്ള സമഗ്ര പരിശോധനകൾ നടത്തുന്നു. കൂടാതെ സംസ്ഥാനത്തെ സ്വകാര്യ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന പദ്ധതിയിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) തുണിവ്യാപാര സ്ഥാപനങ്ങൾ പോലുള്ള മേഖലകളിൽ സ്ത്രീത്തൊഴിലാളികൾ മണിക്കൂറുകളോളം നിന്നുകൊണ്ട് ജോലിചെയ്യേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ട്

(ഡി) സ്ത്രീത്തൊഴിലാളികൾക്ക് ഇരിപ്പിടസൗകര്യം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് പൂർണ്ണതോതിൽ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ഡി) ജീവനക്കാർക്ക് ജോലിക്കിടയിലെ വിശ്രമ വേളകളിൽ ഇരിക്കുന്നതിനുള്ള സൗകര്യം തൊഴിൽ സ്ഥലത്തു തന്നെ ഏർപ്പെടുത്തി നൽകുന്നതിനുള്ള നിയമ ഭേദഗതി സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.